# നായർ സർവീസ് സൊസൈറ്റി

# കരയോഗത്തിന്റെ നിബന്ധനകൾ

നായർ സർവ്വീസ് സൊസൈറ്റി പുതുക്കിയ നിബന്ധന 50-ാം വകുപ്പ് ആർ. ഉപവകുപ്പിൻ പ്രകാരം എൻ.എസ്.എസ്. കൗൺസിൽ ഉണ്ടാക്കിയിട്ടുള്ളതും 1112 കന്നിമാസം 12-ാം തീയതിയും 1114 കുംഭം 7-ാം തീയതിയും കൂടിയ എൻ.എസ്.എസ്. കൗൺസിൽ യോഗങ്ങളിൽ ഭേദപ്പെടുത്തിയതും 1121 ചിങ്ങം 31-ാം തീയതിയും 1124 കർക്കടകം 31-ാം തീയതിയും 1951 ജൂൺ 9-ാം തീയതിയും 1952 നവംബർ 30-ാം തീയതിയും 1953 മാർച്ച് 15-ാം തീയതിയും 1959 ജനുവരി 19-ാം തീയതിയും, 1960 മാർച്ച് 24-ാം തീയതിയും 1998 ആഗസ്റ്റ് 27-ാം തീയതിയും 2014 ഫെബ്രുവരി 8-ാം തീയതിയും 2018 മാർച്ച് 24-ാം തീയതിയും കൂടിയ എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് വീണ്ടും ഭേദപ്പെടുത്തിയതുമായ

## കരയോഗ നിബന്ധന

.......................-ാം നമ്പർ ..............................................................................................

## * എൻ.എസ്.എസ്. കരയോഗത്തിന്റെ നിബന്ധനകൾ

1. കരയോഗത്തിന്റെ പേര്.......................................................................................

..........................................................................എൻ.എസ്.എസ്. കരയോഗം എന്നാകുന്നു.

2. ഇതിന്റെ മേൽവിലാസം.........................................................................താലൂക്ക്

..................................................വില്ലേജ്...........................................................കര

.............................................................പോസ്റ്റോഫീസ് എന്നായിരിക്കുന്നതാണ്.

3. * ഈ കരയോഗത്തിന്റെ പ്രവൃത്തികൾ ...........................................................താലൂക്കിൽ

..............................................വില്ലേജിൽ ..........................................................കരയിൽ

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

എലുകയായുള്ള പ്രദേശത്തുമാത്രം നടത്തപ്പെടുന്നതാകുന്നു.

### ഉദ്ദേശ്യങ്ങൾ

4. ഈ കരയോഗത്തിന്റെ ഉദ്ദേശ്യങ്ങൾ താഴെ വിവരിക്കപ്പെടുന്നവയാകുന്നു.

എ. പുരാതനകാലം മുതൽ നടന്നുവരുന്ന നായർ കരയോഗത്തെ കാലാനുസരണമായ വ്യവസ്ഥകളോടുകൂടി സുസ്ഥാപിതമായ ഒരു സംഘമായി നടത്തുക.

ബി. നായർസമുദായത്തിന്റെ സാമൂഹ്യബന്ധത്തിനും ഉൽക്കർഷത്തിനുമായി ഏർപ്പെടുത്തി നടത്തിവരുന്ന നായർ സർവ്വീസ് സൊസൈറ്റിയുടെ വ്യവസ്ഥയനുസരിച്ച് അതിന്റെ ഒരംഗമായി സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

3 * 8.2.2014-ൽ ഭേദഗതി വരുത്തി

സി. യോഗാംഗങ്ങളുടെ ഇടയിൽ ഐകമത്യം, സ്വാഭിമാനം, സ്വാശ്രയം, പരസ്‌ വിശ്വാസത്തോടുകൂടിയ സാഹോദരത്വം ഇവയുണ്ടാക്കുക.

ഡി. സമുദായസംബന്ധമായും മതസംബന്ധമായുമുള്ള ആചാരാദികളിൽ കാല ചിതമായ ഭേദഗതികൾ വരുത്തി അവയെ പരിഷ്കരിക്കുക.

ഇ. യോഗാംഗങ്ങളിൽ ഓരോരുത്തരുടെയും പൊതുവെ യോഗത്തിന്റെയ ധനസ്ഥിതിയെ വർദ്ധിപ്പിക്കുക.

എഫ്. ധനാഭിവൃദ്ധിക്കുള്ള പ്രധാനമാർഗ്ഗങ്ങളായ കൃഷി, കച്ചവടം, കൈത്തൊഴിൽ മുതല വിഷയങ്ങളിൽ വേണ്ട പരിജ്ഞാനമുണ്ടാക്കുകയും അവയെ അനുഷ്ഠാനത്ത് കൊണ്ടുവരികയും ചെയ്യുക.

ജി. ശരിയായ മതബോധമുണ്ടാക്കി ജീവിതത്തെ പരിശുദ്ധമാക്കുക..

എച്ച്. ആവശ്യമുള്ള വിദ്യാലയം, വായനശാല, അനാഥാലയം, ആശ്രമം, മന്ദിരം, സഹകര സംഘം, കൃഷിസാമഗ്രികൾക്കുള്ള ഡിപ്പോ, വ്യവസായശാല, രവിവാര പാഠശാ ശിശുപരിചരണാലയം, വൈദ്യശാല, ദേവാലയം, കൃഷിത്തോട്ടം, വാണിജ്യശ മുതലായ ശാഖാസ്ഥാപനങ്ങൾ ഏർപ്പെടുത്തി നടത്തുക. അങ്ങനെയുള്ള ഏറ്റെടുക്കുക.

ഐ. കരയോഗാതിർത്തിയിലുള്ളതോ കരയോഗത്തിനവകാശമുള്ളതോ ആയ ദേവസ പരിഷ്കൃതമായി നടത്തുകയും മറ്റു ദേവസ്വങ്ങൾ കരയോഗഭരണത്തിലെടു നന്നാക്കുകയും ചെയ്യുക.

ജെ. കരയോഗാതിർക്കുള്ളിൽ ആവശ്യമുള്ള ജലസംഭരണം, ഗതാഗതമാർഗ്ഗ ശുചീകരണം, കൃഷിപരിഷ്ക്കരണം ഇവയ്ക്കു വേണ്ടതെല്ലാം യഥാവസ പ്രവർത്തിക്കുക.

കെ. പ്രസംഗങ്ങളും, പ്രദർശനങ്ങളും റേഡിയോപ്രചരണവും സിനിമാപ്രദർശനങ്ങ നടത്തുക.

എൽ. യോഗാംഗങ്ങളുടെ ഇടയിൽ ഉണ്ടാകാവുന്ന വ്യവഹാരം, ഭാഗം, കൃഷി, വഴ മുതലായ കാര്യാദികൾ യോഗത്തിന്റെ മദ്ധ്യസ്ഥതയിൽ തീർക്കുക.

എം. സമുദായോന്നതിക്കുതകുന്ന മറ്റു കാര്യങ്ങൾ പ്രവർത്തിക്കുക.

എൻ. സഹോദരസമുദായമൈത്രിക്കും സാധുജനപരിപാലനത്തിനും കഴിവുള്ളതെല്ല പ്രവർത്തിക്കുക.

## പ്രവേശനം

5. എ. * പതിനെട്ടുവയസ്സു തികഞ്ഞിരിക്കുകയും സ്വസ്ഥബുദ്ധി ഉണ്ടായിരിക്കുകയും ഈ കരയോഗാതിർത്തിയിലുള്ള പ്രദേശത്ത് സ്ഥിരമായി പാർത്തുവരികയും ചെയ്യു നായർസമുദായത്തിൽപ്പെട്ട സ്ത്രീക്കും പുരുഷനും ഈ കരയോഗത്തിൽ അം മായി ചേരാവുന്നതാണ്.

ബി. ഈ കരയോഗത്തിന് രണ്ടുതരം അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

1. ഭവനപ്രതിനിധി
2. വ്യക്തി

സി. ഭവനപ്രതിനിധിയംഗം തന്റെ സംരക്ഷണയിലുള്ള ഭവനത്തെ പ്രതിനിധീകരിക്കുന്ന ഗൃഹനായകനോ അധികാരസ്ഥനോ ആയിരിക്കുന്നതാണ്.

ഡി. ഭവനപ്രതിനിധി അല്ലാത്തവർക്ക് വ്യക്തിയംഗങ്ങളായിരിക്കാവുന്നതാണ്.

ഇ. കരയോഗത്തിന്റെ അഭ്യുദയകാംക്ഷികളായ മറ്റു ഹിന്ദുക്കളേയും കരയോഗത്തിൽ ചേർക്കാവുന്നതും, എന്നാൽ അതിലേക്ക് രജിസ്ട്രാറുടെ അനുമതി കരയോഗം വാങ്ങേണ്ടതുമാകുന്നു.

എഫ്. മറ്റേതെങ്കിലും പ്രദേശത്തെ സ്ഥിരവാസിയും ഈ കരയോഗാതിർത്തിയിലെ തൽക്കാലവാസിയുമായ ആളിനേയും മറ്റു കരയോഗത്തിൽ മെമ്പറായിട്ടുള്ള ആളിനേയും ഈ കരയോഗത്തിൽ അംഗമായി ചേർക്കാവുന്നതും എന്നാൽ മറ്റു കരയോഗാംഗമായിട്ടുള്ള ആളെ ചേർക്കുന്നതിന് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതുമാകുന്നു.

6. കരയോഗത്തിൽ ചേരാൻ ആഗ്രഹിക്കുന്ന ആൾ ആ വകയ്ക്കായി നിശ്ചയിച്ചിട്ടുള്ള അപേക്ഷാഫോറത്തിൽ എഴുതി പ്രവേശനഫീസോടുകൂടി സെക്രട്ടറിക്കയക്കേണ്ടതും കരയോഗം കമ്മറ്റിക്ക് ആ അപേക്ഷ സ്വീകരിക്കുകയോ, നിഷേധിക്കുകയോ ചെയ്യുന്നതിനധികാരമുള്ളതും എന്നാൽ ഈ കരയോഗത്തിന്റെ പരിധിയിൽ വസിക്കുന്ന ഒരു നായരുടെ അപേക്ഷയെ നിഷേധിക്കുവാൻ കമ്മറ്റിക്കോ, പൊതുയോഗത്തിനോ താഴെപ്പറയുന്ന കാരണങ്ങളിന്മേലല്ലാതെ അധികാരമില്ലാത്ത തുമാകുന്നു.

1. അപേക്ഷകന് മറ്റു കരയോഗത്തിന്റെ മുടക്കുണ്ടായിരിക്കുക.
2. ഈ കരയോഗത്തിൽ നിന്നും നീക്കം ചെയ്ത ആളായിരിക്കുകയും നീക്കം ചെയ്തതിനുള്ള കാരണങ്ങൾക്ക് പരിഹാരം ഉണ്ടാക്കാതിരിക്കുകയും ചെയ്യുക.
3. അഞ്ചാംവകുപ്പിൽ ഇ.എഫ്. എന്നീ ഉപവകുപ്പുകളിലെ വ്യവസ്ഥപ്രകാരം കരയോഗം രജിസ്ട്രാറുടെ അനുമതി കിട്ടാതിരിക്കുക.
4. അപേക്ഷകന് സ്വസ്ഥബുദ്ധി ഇല്ലാതിരിക്കുക.
5. * അപേക്ഷകന് ഈ കരയോഗത്തിന്റെ സമാന്തരമായ മറ്റു സംഘടനയിൽ അംഗത്വം ഉണ്ടായിരിക്കുക.
6. * അപേക്ഷകൻ ഈ കരയോഗത്തിന്റെ ഉദ്ദേശ്യങ്ങൾക്കും സുതാര്യമായ പ്രവർത്ത നങ്ങൾക്കും അനുഗുണമായിട്ടുള്ള ആളല്ലെന്ന് കമ്മറ്റിക്ക് ബോദ്ധ്യമാവുക.

7. * അപേക്ഷ നിരസിക്കുന്നപക്ഷം അപേക്ഷകന് കരയോഗം രജിസ്ട്രാർക്ക് അപ്പീൽ നല്കാവുന്നതും അതിന്മേലുള്ള കരയോഗം രജിസ്ട്രാറുടെ തീരുമാനം അന്തിമമാ യിരിക്കുന്നതുമാണ്. അപ്പീലിന്മേലുള്ള തീരുമാനം അപേക്ഷകന് അനുകൂലമല്ലെ ങ്കിൽ പ്രവേശനഫീസ് മടക്കിക്കിട്ടുന്നതുമാണ്.

---

6 (5) * 8.2.2014-ൽ പുതുതായി ചേർത്തു
6 (6) * 8.2.2014-ൽ പുതുതായി ചേർത്തു
7 * 8.2.2014-ൽ ഭേദഗതി വരുത്തി

8. * അപേക്ഷകനെ/അപേക്ഷകയെ കരയോഗാംഗമായി ചേർത്തുകഴിഞ്ഞാൽ അത തുവർഷം മാർച്ചുമാസം 31-ാം തീയതിയ്ക്കുള്ളിൽ 120/ രൂപാ കരയോഗത്തി ലേക്ക് വരിസംഖ്യ കൊടുക്കേണ്ടതാണ്. എന്നാൽ വനിതാസമാജാംഗങ്ങളായ കര യോഗാംഗങ്ങൾ കരയോഗത്തിലേക്ക് അടയ്ക്കേണ്ട വരിസംഖ്യ മൊത്തമായോ ഭാഗി കമായോ വനിതാസമാജത്തിൽ അടച്ചാൽ മതിയെന്ന് കരയോഗപൊതുയോഗത്തിന് തീരുമാനിക്കാവുന്നതാകുന്നു. തന്മൂലം വനിതാസമാജാംഗമായ ഒരു അംഗത്തിന് കരയോഗത്തിലുള്ള അവകാശങ്ങൾ നഷ്ടപ്പെടുന്നതല്ലാത്തതും ആകുന്നു.

9. * വരിസംഖ്യ ഒരാണ്ടത്തേക്ക് കുടിശ്ശിക വരുത്തുന്ന അംഗത്തിന് കരയോഗത്തിന്റെ കമ്മറ്റിയിൽ അംഗമാകുന്നതിനോ കമ്മറ്റിയംഗമായി തുടരുന്നതിനോ അവകാശമി ല്ലാത്തതും രണ്ടുവർഷത്തെ സംഖ്യ കുടിശ്ശിക ഉള്ള അംഗത്തിന് പൊതുയോഗ ത്തിൽ ഹാജരാകുന്നതിനോ വോട്ടവകാശം വിനിയോഗിക്കുന്നതിനോ അവകാശമി ല്ലാത്തതുമാകുന്നു. അങ്ങനെയുള്ള അംഗത്തെ കുടിശ്ശിക പരിഹരിക്കുന്നതിന് കമ്മ റ്റിതീരുമാനപ്രകാരം അറിയിക്കേണ്ടതും, ആ അംഗത്തിന് കുടിശ്ശികതുക അടച്ച് അവ കാശം പുനഃസ്ഥാപിക്കാവുന്നതുമാകുന്നു.

10. കരയോഗത്തിൽ ഏതൊരാൾക്കുമുള്ള അവകാശങ്ങൾ അയാളുടെ മരണത്തോടു കൂടിയും ആ കരയോഗാതിർത്തിയിൽ നിന്ന് സ്ഥിരതാമസം മാറ്റുന്നതോടുകൂടിയും നഷ്ടപ്പെടുന്നതും യോഗത്തിൽ നിന്നും പിരിഞ്ഞുപോകുകയോ പിരിച്ചയയ്ക്കുകയോ ചെയ്ത യാതൊരാൾക്കും ആ ആൾ യോഗത്തിൽ അടച്ചിട്ടുള്ള യാതൊരു സംഖ്യയും മടക്കിക്കിട്ടുവാൻ അവകാശമില്ലാത്തതും കരയോഗധനത്തിൽ അയാൾക്കുണ്ടാ യിരുന്ന അവകാശം നഷ്ടപ്പെട്ടു പോകുന്നതുമാകുന്നു.

11. 1. * താഴെപ്പറയുന്നതിൽ ഏതെങ്കിലും കാരണത്താൽ ഒരാളെ കരയോഗത്തിൽനിന്നും പൊതുയോഗത്തിന് നീക്കാവുന്നതും അതിലേക്ക് രണ്ടാം ഉപവകുപ്പിലെ നടപടി ക്രമം അനുവർത്തിക്കേണ്ടതുമാകുന്നു.

എ. കരയോഗ നിബന്ധനകളേയും നിശ്ചയങ്ങളേയും മനഃപൂർവ്വം അനുസരിക്കാതിരിക്കുക.

ബി. കരയോഗാതിർത്തിയിൽ നിന്ന് സ്ഥിരംതാമസം മാറ്റുക.

സി. സ്വഭാവദൂഷ്യമോ അസാന്മാർഗ്ഗിക ജീവിതമോ ഉണ്ടായിരിക്കുകയും സ്വസ്ഥബുദ്ധി ഇല്ലാതെ വരികയും ചെയ്യുക.

ഡി. മതഭ്യംശം മൂലമോ മറ്റു വിധത്തിലോ നായർ സമുദായാംഗമല്ലാതാകുക.

ഇ. ഒരു കൊല്ലം തുടർച്ചയായി മാസവരി കൊടുക്കാതിരിക്കുക.

എഫ്. * അംഗമായതിനുശേഷം 6-ാം വകുപ്പിൽ 5, 6 ഉപവകുപ്പുകളിൽ പറയുന്നപ്രകാരം ഉള്ള അയോഗ്യനാവുക.

ജി. * യോഗങ്ങളുടെ സുഗമമായ നടത്തിപ്പിന് തടസ്സം ഉണ്ടാക്കുന്നതായി പൊതു യോഗത്തിന് ബോദ്ധ്യപ്പെടുക.

---

8 * 8.2.2014-ൽ ഭേദഗതി വരുത്തി

9 * 8.2.2014-ൽ ഭേദഗതി വരുത്തി

11 (1) * 8.2.2014-ൽ ഭേദഗതി വരുത്തി

11 (1) എഫ് * 8.2.2014-ൽ പുതുതായി ചേർത്തു

11 (1) * 24.3.2018-ൽ ഭേദഗതി വരുത്തി

8. * അപേക്ഷകനെ/അപേക്ഷകയെ കരയോഗാംഗമായി ചേർത്തുകഴിഞ്ഞാൽ അത തുവർഷം മാർച്ചുമാസം 31-ാം തീയതിയ്ക്കുള്ളിൽ 120/ രൂപാ കരയോഗത്തിലേക്ക് വരിസംഖ്യ കൊടുക്കേണ്ടതാണ്. എന്നാൽ വനിതാസമാജാംഗങ്ങളായ കരയോഗാംഗങ്ങൾ കരയോഗത്തിലേക്ക് അടയ്ക്കേണ്ട വരിസംഖ്യ മൊത്തമായോ ഭാഗികമായോ വനിതാസമാജത്തിൽ അടച്ചാൽ മതിയെന്ന് കരയോഗപൊതുയോഗത്തിന് തീരുമാനിക്കാവുന്നതാകുന്നു. തന്മൂലം വനിതാസമാജാംഗമായ ഒരു അംഗത്തിന് കരയോഗത്തിലുള്ള അവകാശങ്ങൾ നഷ്ടപ്പെടുന്നതല്ലാത്തതും ആകുന്നു.

9. * വരിസംഖ്യ ഒരാണ്ടത്തേക്ക് കുടിശ്ശിക വരുത്തുന്ന അംഗത്തിന് കരയോഗത്തിന്റെ കമ്മറ്റിയിൽ അംഗമാകുന്നതിനോ കമ്മറ്റിയംഗമായി തുടരുന്നതിനോ അവകാശമില്ലാത്തതും രണ്ടുവർഷത്തെ സംഖ്യ കുടിശ്ശിക ഉള്ള അംഗത്തിന് പൊതുയോഗത്തിൽ ഹാജരാകുന്നതിനോ വോട്ടവകാശം വിനിയോഗിക്കുന്നതിനോ അവകാശമില്ലാത്തതുമാകുന്നു. അങ്ങനെയുള്ള അംഗത്തെ കുടിശ്ശിക പരിഹരിക്കുന്നതിന് കമ്മറ്റിതീരുമാനപ്രകാരം അറിയിക്കേണ്ടതും, ആ അംഗത്തിന് കുടിശ്ശികതുക അടച്ച് അവകാശം പുനഃസ്ഥാപിക്കാവുന്നതുമാകുന്നു.

10. കരയോഗത്തിൽ ഏതൊരാൾക്കുമുള്ള അവകാശങ്ങൾ അയാളുടെ മരണത്തോടുകൂടിയും ആ കരയോഗാതിർത്തിയിൽ നിന്ന് സ്ഥിരതാമസം മാറ്റുന്നതോടുകൂടിയും നഷ്ടപ്പെടുന്നതും യോഗത്തിൽ നിന്നും പിരിഞ്ഞുപോകുകയോ പിരിച്ചയയ്ക്കുകയോ ചെയ്ത യാതൊരാൾക്കും ആ ആൾ യോഗത്തിൽ അടച്ചിട്ടുള്ള യാതൊരു സംഖ്യയും മടക്കിക്കിട്ടുവാൻ അവകാശമില്ലാത്തതും കരയോഗധനത്തിൽ അയാൾക്കുണ്ടായിരുന്ന അവകാശം നഷ്ടപ്പെട്ടു പോകുന്നതുമാകുന്നു.

11. 1. * താഴെപ്പറയുന്നതിൽ ഏതെങ്കിലും കാരണത്താൽ ഒരാളെ കരയോഗത്തിൽനിന്നും പൊതുയോഗത്തിന് നീക്കാവുന്നതും അതിലേക്ക് രണ്ടാം ഉപവകുപ്പിലെ നടപടിക്രമം അനുവർത്തിക്കേണ്ടതുമാകുന്നു.

എ. കരയോഗ നിബന്ധനകളേയും നിശ്ചയങ്ങളേയും മനഃപൂർവ്വം അനുസരിക്കാതിരിക്കുക.

ബി. കരയോഗാതിർത്തിയിൽ നിന്ന് സ്ഥിരംതാമസം മാറ്റുക.

സി. സ്വഭാവദൂഷ്യമോ അസാന്മാർഗ്ഗിക ജീവിതമോ ഉണ്ടായിരിക്കുകയും സ്വസ്ഥബുദ്ധി ഇല്ലാതെ വരികയും ചെയ്യുക.

ഡി. മതഭ്രംശം മൂലമോ മറ്റു വിധത്തിലോ നായർ സമുദായാംഗമല്ലാതാകുക.

ഇ. ഒരു കൊല്ലം തുടർച്ചയായി മാസവരി കൊടുക്കാതിരിക്കുക.

എഫ്. * അംഗമായതിനുശേഷം 6-ാം വകുപ്പിൽ 5, 6 ഉപവകുപ്പുകളിൽ പറയുന്നപ്രകാരം ഉള്ള അയോഗ്യനാവുക.

ജി. * യോഗങ്ങളുടെ സുഗമമായ നടത്തിപ്പിന് തടസ്സം ഉണ്ടാക്കുന്നതായി പൊതുയോഗത്തിന് ബോദ്ധ്യപ്പെടുക.

---

8 * 8.2.2014-ൽ ഭേദഗതി വരുത്തി

9 * 8.2.2014-ൽ ഭേദഗതി വരുത്തി

11 (1) * 8.2.2014-ൽ ഭേദഗതി വരുത്തി

11 (1) എഫ് * 8.2.2014-ൽ പുതുതായി ചേർത്തു

11 (1) * 24.3.2018-ൽ ഭേദഗതി വരുത്തി

2. എന്നാൽ ഒന്നാംവകുപ്പിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ ഒരാളെ കരയോഗത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താഴെപ്പറയുന്ന നടപടിക്രമം അനുസരിക്കേണ്ടതാകുന്നു.

എ. ശിക്ഷാർഹനായ അംഗത്തിന്റെ കുറ്റങ്ങൾ കാണിച്ച് ആ ആളിനോട് ആദ്യമായി രേഖാമൂലം സമാധാനം ആവശ്യപ്പെടണം.

ബി. സമാധാനത്തിനാവശ്യപ്പെട്ട തീയതി കഴിഞ്ഞ് സമാധാനം കിട്ടിയാലും കിട്ടിയില്ലെങ്കിലും ആ സംഗതിയെപ്പറ്റി കമ്മറ്റി പര്യാലോചിച്ച് ഒരു തീരുമാനത്തിലെത്തിയശേഷം പൊതുയോഗത്തിന്റെ വിചാരണയ്ക്ക് വിഷയമാക്കണം.

സി. പൊതുയോഗത്തിന്റെ വിചാരണയ്ക്ക് വച്ചിരിക്കുന്ന വിവരം ആ ആളിനെ രേഖാമൂലം മൂന്നു ദിവസത്തിനു മുമ്പെങ്കിലും അറിയിച്ചിരിക്കണം.

ഡി. പൊതുയോഗം ആ ആളിനെ നീക്കണമെന്ന് തീരുമാനിക്കുന്നപക്ഷം എ. ഉപവകുപ്പിലെ സമാധാനം, ബി. ഉപവകുപ്പിലെ കമ്മറ്റി തീരുമാനം, സി. ഉപവകുപ്പിലെ നോട്ടീസ് കൂടാതെ പൊതുയോഗ നടപടിവിവരം എന്നിവയുടെ പകർപ്പുകളോടുകൂടി വിവരം കരയോഗം രജിസ്ട്രാർക്ക് റിപ്പോർട്ടു ചെയ്യണം.

ഇ. കരയോഗത്തിന്റെ നടപടിക്രമം ശരിയെന്നു കണ്ടാൽ രജിസ്ട്രാർ അതനുവദിക്കുന്നതും ആ അനുവാദം കരയോഗത്തിന്റെ പൊതുയോഗത്തിൽ രേഖപ്പെടുത്തുന്ന സമയം മുതൽ ആ ആൾ കരയോഗത്തിൽ നിന്നും നീക്കപ്പെട്ടിരിക്കുന്നതായി ഗണിക്കപ്പെടേണ്ടതുമാകുന്നു.

3. കരയോഗത്തിൽ നിന്നും മേൽപ്രകാരം നീക്കപ്പെടുന്ന ആളിനെ വീണ്ടും കരയോഗാംഗമായി സ്വീകരിക്കുന്നതിന് പൊതുയോഗത്തിന് തീരുമാനിക്കാവുന്നതും എന്നാൽ ആ തീരുമാനം പ്രത്യേകം രജിസ്ട്രാർക്ക് റിപ്പോർട്ടു ചെയ്യേണ്ടതുമാകുന്നു.

4. കരയോഗത്തിന്റെ തീരുമാനത്തിന്മേൽ രജിസ്ട്രാർക്ക് അപ്പീൽ അധികാരമുള്ളതാകുന്നു.

## കരയോഗധനം

12. കരയോഗം താഴെപ്പറയുന്ന ഇനങ്ങൾ മൂലം ധനശേഖരം ചെയ്യേണ്ടതാകുന്നു.

| | | രൂ. | പൈ. |
|---|---|---|---|
| എ. | അംഗങ്ങളുടെ പ്രവേശന ഫീസ് | 100/- | |
| ബി. | മാസംതോറുമുള്ള വരിസംഖ്യ | 10/- | |
| സി. | വിവാഹസംഭാവന | 500/- | |
| ഡി. | അപരക്രിയ (പിണ്ഡം) സംഭാവന | | |

11 (1) ജി * 8.2.2014-ൽ പുതുതായി ചേർത്തു

ഇ. 1) ഗൃഹപ്രവേശനം .............................. ..........

2) നാമകരണം .............................. ..........

3) ചോറൂണ് .............................. ..........

4) പിറന്നാൾ സംഭാവന .............................. ..........

എഫ്. പിടിയരി

ജി. ആദിഫലം - കാർഷികോല്പന്ന സംഭാവന

എച്ച്. കെട്ടുതെങ്ങ് - കെട്ടു കമുക് - കെട്ടു കൊടി

ഐ. കരയോഗംവക മുന്നിരിപ്പ്, വസ്തു ആദായം, കൃഷി, വാണിജ്യവ്യവസായം മുതല

ജെ. വിഷുപ്പിരിവ്, ഓണപ്പിരിവ് മുതലായ വിശേഷാൽ പിരിവുകൾ

കെ. വിശേഷാൽ സംഭാവന

എൽ. ദേവാലയം, വിദ്യാലയം, വായനശാല മുതലായ ധർമ്മസ്ഥാപനങ്ങളിലെ വ

## ഭരണം

13. പൊതുയോഗം അപ്പഴപ്പോൾ ചെയ്യുന്ന നിശ്ചയങ്ങളനുസരിച്ച് കരയോഗ കാര്യ നടത്തുന്നതിന് ഒരു കരയോഗം കമ്മറ്റി ഉണ്ടായിരിക്കുന്നതാകുന്നു.

14. എ. ഈ കമ്മറ്റിയെ മൂന്ന് ആണ്ടിൽ ഒരിക്കൽ യോഗാംഗങ്ങളിൽനിന്നും പൊതുയേ തിരഞ്ഞെടുക്കേണ്ടതും കമ്മറ്റിയിൽ.........................................................അംഗ ഉണ്ടായിരിക്കുന്നതുമാകുന്നു.

ബി. * കമ്മറ്റിയെയോ, എൻ.എസ്.എസ്. പ്രതിനിധിസഭാംഗങ്ങളെ തിരഞ്ഞെടുക്ക തിന് ഇലക്ടറൽ റോളിലേക്കുള്ള മെമ്പറെയോ (എൻ.എസ്.എസ്. ഇലക്ടറൽ റ മെമ്പർ), യൂണിയൻ പ്രതിനിധികളെയോ തിരഞ്ഞെടുക്കുന്നതിനുള്ള പൊത ഗത്തിന്റെ തീയതി യൂണിയൻ സെക്രട്ടറിയുമായി ആലോചിച്ചു നിശ്ചയിക്കേണ എൻ.എസ്.എസ്. ഇൻസ്പെക്ടറുടെയോ യൂണിയനിൽനിന്നും നിയോഗിക്കുന്ന നിധിയുടെയോ ചുമതലയിൽ മേല്പറഞ്ഞ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെ കൾ നടത്തേണ്ടതും ആകുന്നു.

എന്നാൽ കരയോഗം രജിസ്ട്രാർ പ്രത്യേകം ഇലക്ഷൻ ആഫീസറെ നിയോഗ ന്നപക്ഷം അദ്ദേഹത്തിന്റെ ചുമതലയിൽ ഈ തിരഞ്ഞെടുപ്പുകൾ നടത്തേണ്ടത ഇതിലേക്ക് എൻ.എസ്.എസ്. പ്രതിനിധിസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന തിരഞ്ഞെടുപ്പുചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാകുന്നു.

15. * നിശ്ചിതകാലാവധി കഴിഞ്ഞാലും പുതിയ തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ വിലുള്ള കമ്മറ്റിമെമ്പർമാർതന്നെ ഭരണം നടത്തേണ്ടതും, എന്നാൽ കാലാവധി കഴ ആറുമാസങ്ങൾക്കകം തിരഞ്ഞെടുപ്പ് നടക്കാതെവന്നാൽ കരയോഗം രജിസ നിർദ്ദേശിക്കുന്നപക്ഷം അദ്ദേഹം നിയോഗിക്കുന്ന അഡ്ഹോക്ക് കമ്മറ്റിയെ കര ഗംവക എല്ലാ സ്ഥാവരജംഗമസ്വത്തുക്കളും റിക്കാർഡുകളും നീക്കിയിരുപ്പുസംഖ്യ സഹിതം കരയോഗഭരണം അതതു ചുമതലക്കാർ ഏല്പിക്കേണ്ടതും ആകുന്ന

നിശ്ചിതകാലാവധി കഴിഞ്ഞാൽ 14 ബി വകുപ്പിൻപ്രകാരമുള്ള എൻ.എസ്.എ ഇലക്ടറൽ റോൾ മെമ്പറുടെയും യൂണിയൻ പ്രതിനിധികളുടെയും പ്രാതിനി അവസാനിക്കു

14 ബി * ...

16. കമ്മറ്റിക്കാരിൽ നിന്നും ഒരു പ്രസിഡന്റിനേയും, സെക്രട്ടറിയേയും, ഖജാൻജിയേയും പൊതുയോഗം തിരഞ്ഞെടുക്കേണ്ടതാണ്. ആവശ്യമുള്ളപക്ഷം വൈസ് പ്രസിഡന്റിനേയും അസിസ്റ്റന്റ് സെക്രട്ടറിയേയും തിരഞ്ഞെടുക്കാവുന്നതാണ്.

17. * ഏതെങ്കിലും കാരണവശാൽ സെക്രട്ടറി, ഖജാൻജി എന്നിവർ തൽസ്ഥാനത്തു നിന്നും ഒഴിയുകയോ ഒഴിവാക്കപ്പെടുകയോ ചെയ്യുമ്പോൾ അവരുടെ കൈവശമുള്ള കരയോഗംവക റിക്കാർഡുകളും മറ്റു മുതലുകളും പുതുതായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അതതു ചുമതലക്കാരെ ലിസ്റ്റെഴുതി മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി, നിവൃത്തിയുള്ളപക്ഷം കമ്മറ്റിയോഗത്തിൽവച്ചുതന്നെ ഏല്പിക്കേണ്ടതും അതിനു സാദ്ധ്യമല്ലാതെവരുമ്പോൾ മിനിട്ട്സ്ബുക്കിൽ രേഖപ്പെടുത്തി പ്രസിഡന്റിന് ഏറ്റു വാങ്ങാവുന്നതും, വിവരം അപ്പോൾത്തന്നെ യൂണിയനിലേക്കും രജിസ്ട്രാറാഫീസിലേക്കും എഴുതി അയയ്ക്കേണ്ടതുമാകുന്നു.

18. * പുതിയ കമ്മറ്റിമെമ്പർമാരുടെയോ 14 ബി ഉപവകുപ്പിൻപ്രകാരം ഇലക്ടറൽ റോളിലേക്കുള്ള മെമ്പറുടെയോ യൂണിയൻ പ്രതിനിധികളുടെയോ തിരഞ്ഞെടുപ്പു കഴിഞ്ഞാൽ അവരുടെ പേരുവിവരവും യോഗനടപടികളും തിരഞ്ഞെടുപ്പുയോഗത്തിൽ സന്നിഹിതനായിരുന്ന ഇൻസ്പെക്ടറുടെയോ യൂണിയനിൽനിന്നും നിയുക്തനായ ആളിന്റെയോ സാക്ഷ്യപത്രത്തോടുകൂടി യൂണിയൻ മുഖേന അംഗീകാരത്തിനായി കരയോഗം രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതും, തിരഞ്ഞെടുപ്പ് അംഗീകരിച്ച് പേരുവിവരം രജിസ്റ്റർ ചെയ്തുകൊണ്ടുള്ള രജിസ്ട്രാറുടെ അറിയിപ്പ് ലഭിച്ച ശേഷമല്ലാതെ പുതിയ കമ്മറ്റിക്ക് ചാർജ്ജെടുക്കുവാനോ ഇലക്ടറൽ റോളിലെ മെമ്പർക്ക് പ്രതിനിധിസഭാതിരഞ്ഞെടുപ്പിലോ യൂണിയൻപ്രതിനിധികൾക്ക് യൂണിയൻയോഗത്തിലോ സംബന്ധിക്കുവാനോ അവകാശമില്ലാത്തതാകുന്നു.

തിരഞ്ഞെടുപ്പ് അംഗീകരിച്ചുകൊണ്ടുള്ള രജിസ്ട്രാറുടെ അറിയിപ്പ് ലഭിച്ചാലുടൻതന്നെ പുതിയ കമ്മറ്റിക്ക് റിക്കാർഡുകളും നീക്കിയിരുപ്പുസംഖ്യയും ഉൾപ്പെടെ ചാർജ്ജു കൈമാറുവാൻ ബന്ധപ്പെട്ട ചുമതലക്കാർ ബാദ്ധ്യസ്ഥരുമാണ്.

19. സെക്രട്ടറിക്കു യോഗനിശ്ചയപ്രകാരമുള്ള ശമ്പളം യോഗംവക വരവിൽനിന്നും കൊടുക്കാവുന്നതാകുന്നു.

20. കമ്മറ്റി മെമ്പറന്മാരുടെ പേരിൽ തക്കതായ വീഴ്ചയുണ്ടെന്ന് പൊതുയോഗത്തിന് ബോദ്ധ്യപ്പെട്ടാൽ അവരെ ഏതവസരത്തിലും നീക്കാൻ പൊതുയോഗത്തിന് അധികാരമുള്ളതാകുന്നു.

21. കമ്മറ്റിയോഗങ്ങൾ ആവശ്യമുള്ളപ്പോഴെല്ലാം കൂടാവുന്നതാകുന്നു. മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടത് നിർബന്ധമാകുന്നു.

22. പൊതുയോഗം മാസത്തിലൊരിക്കൽ കൂടേണ്ടതാകുന്നു.

23. പൊതുയോഗവും കമ്മറ്റിയോഗവും സമാജമന്ദിരമുണ്ടായാൽ സാധിക്കുന്നിടത്തോളം അവിടെവച്ചും അല്ലെങ്കിൽ അപ്പഴപ്പോൾ നിശ്ചയിക്കുന്ന സ്ഥലത്തുവച്ചും നടത്തേണ്ടതാകുന്നു.

---

17 * 8.2.2014-ൽ ഭേദഗതി വരുത്തി

18 * 8.2.2014-ൽ ഭേദഗതി വരുത്തി

24. * കമ്മറ്റിയുടെ കോറം ............ ഉം പൊതുയോഗത്തിന്റെ കോറം ഇരുപ ആകെയുള്ള അംഗങ്ങളുടെ മൂന്നിൽ ഒന്നോ ഏതുകുറവോ അതും അ താണ്.

25. നിശ്ചിതദിവസം കോറം തികയാത്തതിനാൽ കാര്യാദികൾക്ക് വിഘ്നം പക്ഷം നോട്ടീസ് പരസ്യപ്പെടുത്തി ഏഴുദിവസത്തിനകം വീണ്ടു നടത്താവുന്നതും അന്നും കോറം തികയാതെ വരുന്നതാകയാൽ കാര്യ വേണ്ടി അന്ന് ഹാജരുള്ളവർ ചേർന്ന് ഒരു സാധാരണ പൊതുേ തീരുമാനിക്കാവുന്ന തീരുമാനങ്ങൾ ചെയ്യാവുന്നതും ആയത് സാധുവായി മാകുന്നു. എന്നാൽ നോട്ടീസിൽ യോഗത്തിന് ആലോചിക്കേണ്ട വ ഇന്നതെല്ലാമെന്ന് വിവരിച്ചിരിക്കേണ്ടതും യോഗനടപടികളുടെ പകർപ്പ് യൂണിയനിലേക്കും രജിസ്ട്രാറാഫീസിലേക്കും എഴുതി അയക്കേണ്ടതു

26. അംഗങ്ങളുടെ ഹാജർ ആയതിലേക്ക് തയ്യാർ ചെയ്തിട്ടുള്ള ര ഓരോരുത്തരും അടയാളസഹിതം പതിച്ചതിനുശേഷമേ യോഗം ആര

13. പൊതുയോഗ നടപടിയിൽ അദ്ധ്യക്ഷനും സെക്രട്ടറിയും മാത്രം ഒപ്പിട്ടാൽ വിശ്വാസ്യമായ ഒരു പ്രമാണമായിരിക്കുന്നതാണ്. എന്നാൽ നിബന്ധ

14. വകുപ്പനുസരിച്ച് യോഗമുതൽ കടപ്പെടുത്തുവാനോ യോഗ പ്രമാണപ്രകാരം കടം വാങ്ങുവാനോ ഉള്ള നിശ്ചയങ്ങൾ പാസാക യോഗത്തിന്റെ നടപടികളിൽ ഹാജരുള്ള മെമ്പറന്മാരിൽ ഭൂരിപക്ഷ ഒപ്പിട്ടിരിക്കേണ്ടതാണ്.

27. * ഒരു കമ്മറ്റി മെമ്പർ തുടർച്ചയായി നാലുകമ്മറ്റിയോഗങ്ങൾക്കോ മൂന യോഗങ്ങൾക്കോ തക്കതായ കാരണംകൂടാതെ ഹാജരാകാതിരുന്നാൽ ആ കമ്മറ്റിമെമ്പർസ്ഥാനം ഇല്ലാതെയാകുന്നതും കരയോഗാംഗങ്ങളിൽനിന്നു രാളെ പകരം കോ-ഓപ്റ്റു ചെയ്യുവാൻ കമ്മറ്റിക്കധികാരം ഉള്ളതും അടുത്ത യോഗത്തിൽ ഇതിന് അനുമതി വാങ്ങിക്കൊള്ളേണ്ടതുമാകുന്നു. ഈ കോ-ഒ കരയോഗം രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

28. എല്ലാ യോഗനിശ്ചയങ്ങളും ഭൂരിപക്ഷ തീരുമാനപ്രകാരം ചെയ്യേണ്ടതും േ തുല്യമായിവന്നാൽ അദ്ധ്യക്ഷന്റെ കാസ്റ്റിംഗ് വോട്ടുകൂടി കണ തീരുമാനിക്കേണ്ടതുമാകുന്നു.

29. * കരയോഗത്തിന്റെ മാസാന്ത്യകണക്കുകൾ കമ്മറ്റിയോഗത്തിൽ പാസ്സാക്കി പ്ര

15. സെക്രട്ടറി, ഖജാൻജി എന്നിവർ ഒപ്പിട്ട് യൂണിയനിലേക്ക് അയയ്ക്കേണ്ടതാകു

## ഉദ്യോഗസ്ഥന്മാരുടെയും കമ്മറ്റിയുടെയും അധികാരങ്ങളും ചുമതലകളും

30. യോഗത്തിന്റെയും കമ്മറ്റിയുടെയും പൊതുവെയുള്ള ഭരണ പ്രസിഡന്റിനായിരിക്കുന്നതാണ്.

---

24 * 8.2.2014-ൽ ഭേദഗതി വരുത്തി

31. * കരയോഗത്തിലേക്ക് നിയമിക്കേണ്ടിവരുന്ന എല്ലാ ജീവനക്കാരേയും നിയമിക്കാനും മാറ്റാനും ശിക്ഷിക്കാനുമുള്ള അധികാരം കമ്മറ്റിതീരുമാനപ്രകാരം പ്രസിഡന്റിനുണ്ടായിരിക്കുന്നതാണ്.

32. പണത്തിന്റെ ചുമതല മുഴുവൻ ഖജാൻജിക്കായിരിക്കേണ്ടതും, ഖജാൻജിയോട് പൊതുയോഗ നിശ്ചയപ്രകാരം തക്കതായ ഉറപ്പ് വാങ്ങേണ്ടതുമാകുന്നു.

33. കരയോഗത്തിലേക്ക് ലഭിച്ചിട്ടുള്ളതും ലഭിക്കുന്നതുമായ പ്രമാണങ്ങൾ, പണ്ടങ്ങൾ, മറ്റു ജംഗമങ്ങൾ മുതലായ എല്ലാ സ്വത്തുക്കളും ഖജാൻജിയുടെ അധീനതയിൽ ഇരിക്കേണ്ടതും ഇതിന് പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവർ ഒപ്പിട്ട് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതുമാകുന്നു.

34. * കരയോഗത്തിന് ദൈനംദിന ആവശ്യങ്ങൾക്കുവേണ്ടി 1000 രൂപയിൽ കവിയാത്ത തുക സെക്രട്ടറിവശം സൂക്ഷിക്കാവുന്നതും ബാക്കി മൊത്തം തുക പൊതുയോഗനിശ്ചയമനുസരിച്ച് ഏതെങ്കിലും ദേശസാൽകൃതബാങ്കിലോ ഷെഡ്യൂൾഡ് ബാങ്കിലോ പ്രസിഡന്റിന്റെ പേരിൽ സെക്രട്ടറി നിക്ഷേപിച്ച് പാസ്സുബുക്ക് പ്രസിഡന്റിനെ ഏല്പിക്കേണ്ടതും ആയത് ഖജാൻജിയെ ബോദ്ധ്യപ്പെടുത്തി നാൾവഴിയിൽ ഒപ്പിടുവിക്കേണ്ടതും ആകുന്നു.

35. യോഗം വകയായി നിക്ഷേപിക്കപ്പെട്ടിരിക്കുന്ന സംഖ്യ മുഴുവനുമോ ഏതാനുമോ തിരിച്ചെടുക്കുന്നത് ചെലവുകൾ മുൻകൂട്ടി അനുവദിച്ചിട്ടുള്ളപക്ഷം കമ്മറ്റിയുടെയോ അല്ലാത്തപക്ഷം പൊതുയോഗത്തിന്റെയോ അനുമതിയോടുകൂടി വേണ്ടതാകുന്നു.

36. റിക്കാർഡുകളും മന്ദിരവും മുദ്രയും സെക്രട്ടറിയുടെ അധീനതയിൽ ഇരിക്കേണ്ടതാകുന്നു.

37. കമ്മറ്റിയോഗവും പൊതുയോഗവും വിളിച്ചുകൂട്ടാനും കണക്കുകളും റിപ്പോർട്ടുകളും ഹാജരാക്കാനും എഴുത്തുകുത്തുകൾ നടത്തുവാനും ഉള്ള ചുമതല സെക്രട്ടറിക്കായിരിക്കുന്നതാണ്.

38. * കരയോഗത്തിലേക്ക് വരവുള്ള എല്ലാ തുകകളും രസീതുകൊടുത്തുവാങ്ങി വരവു വയ്ക്കുകയും ബാങ്കിൽ നിക്ഷേപിച്ച് നാൾവഴി ഖജാൻജിയെ കാണിച്ച് ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ട ചുമതല സെക്രട്ടറിക്കുള്ളതാകുന്നു. വരവുചെലവുകണക്കും ബാങ്കുനിക്ഷേപവും ബോദ്ധ്യപ്പെട്ട് ഖജാൻജി നാൾവഴിയിൽ ഒപ്പിടേണ്ടതുമാണ്.

39. കരയോഗാംഗങ്ങൾക്ക് വില്പനയ്ക്കുള്ള കൃഷിസാധനങ്ങളും, അവർക്ക് വിലയ്ക്കു കൊടുക്കാനായി വരുത്തുന്ന സാധനങ്ങളും മറ്റു ധാന്യങ്ങളും ശേഖരിക്കുന്ന സ്റ്റോറും അതു സംബന്ധിച്ച് സകല സാമഗ്രികളും സൂക്ഷിക്കുകയും വ്യാപരിക്കുകയും കണക്കു വയ്ക്കുകയും ചെയ്യുന്ന ജോലി സെക്രട്ടറി വഹിക്കേണ്ടതാകുന്നു.

40. കണക്കും പണവും സ്റ്റോറും ഏതവസരത്തിലും പരിശോധിക്കാൻ കരയോഗ കമ്മറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതും പരിശോധനാഫലം രജിസ്ട്രാരാഫീസിലും യൂണിയനിലും അറിയിക്കേണ്ടതുമാകുന്നു.

---

31 * 8.2.2014-ൽ ഭേദഗതി വരുത്തി

34 * 8.2.2014-ൽ ഭേദഗതി വരുത്തി

38 * 8.2.2014-ൽ ഭേദഗതി വരുത്തി

41. എ. * കമ്മറ്റി അംഗങ്ങളിൽ 1/3 പേർ ചേർന്ന് ഏതവസരത്തിലും ക
പൊതുയോഗമോ വിളിച്ചുകൂട്ടുന്നതിന് സെക്രട്ടറിയോട് ആവശ്യപ്പെടാ
ന്റെശേഷം ഒരാഴ്ചയ്ക്കകം അങ്ങനെ വിളിച്ചുകൂട്ടുന്നില്ലെങ്കിൽ അ
അംഗങ്ങൾ ചേർന്നുതന്നെ യോഗം വിളിച്ചുകൂട്ടാവുന്നതുമാകുന്നു.
ച്ചുകൂട്ടുന്ന യോഗം ഇന്ന കാര്യത്തിനാണെന്ന് നോട്ടീസിൽ വിവരി
റ്റിയോഗത്തിനാണെങ്കിൽ നാലിൽമൂന്നും, പൊതുയോഗത്തിനാണെ
ഒന്നും അംഗങ്ങളെങ്കിലും ഹാജരുണ്ടായിരിക്കേണ്ടതുമാകുന്നു.

ബി. പൊതുയോഗാംഗങ്ങളിൽ നിബന്ധന 24-ാം വകുപ്പനുസരിച്ച് പൊ
കോറത്തിനുള്ള അംഗങ്ങൾ ചേർന്ന് ഏതവസരത്തിലും
വിളിച്ചുകൂട്ടുന്നതിന് സെക്രട്ടറിയോട് ആവശ്യപ്പെടാവുന്നതും
രണ്ടാഴ്ചയ്ക്കകം അങ്ങനെ വിളിച്ചുകൂട്ടുന്നില്ലെങ്കിൽ ആ അംഗങ്ങൾ
യോഗം വിളിച്ചുകൂട്ടാവുന്നതുമാണ്. അങ്ങനെ വിളിച്ചുകൂട്ടുന്ന
കാര്യത്തിനെന്ന് വിവരിക്കേണ്ടതും ആ യോഗത്തിന് പൊതുയേ
മൂന്നിൽ ഒന്ന് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാകുന്നു.

## പൊതുയോഗം

42. നിശ്ചയിക്കപ്പെട്ട സമയത്ത് മാസത്തിലൊരിക്കൽ യോഗം കൂടേണ്ട

43. പൊതുയോഗത്തിന്റെ അധികാരങ്ങളും ചുമതലകളും താഴെപ്പറയു

1. ആണ്ടറുതി കണക്കുകളും റിപ്പോർട്ടുകളും പരിശോധിച്ച് പാസാക്ക
രജിസ്ട്രാർക്കും അയക്കുവാൻ വ്യവസ്ഥ ചെയ്യുക.
2. അതിന്മേൽ രജിസ്ട്രാറുടെ ആജ്ഞയനുസരിച്ച് പ്രവർത്തിക്കാൻ ഏ
3. കമ്മറ്റിക്കാരേയും യൂണിയന്റെ പ്രതിനിധികളേയും 14. ബി. ഉപവ
ഇലക്ടറൽ റോളിലേക്ക് മെമ്പറേയും തിരഞ്ഞെടുക്കുക.
4. * അംഗങ്ങളെ നീക്കുന്നതിനുള്ള തീരുമാനം എടുക്കുക.
5. കമ്മറ്റിക്കാരുടെ പേരിൽ അംഗങ്ങൾ കൊണ്ടുവരുന്ന ആവലാതികൾ
ചെയ്യുക.
6. ബഡ്ജറ്റു പാസാക്കുക.
7. നടപ്പിലിരിക്കുന്ന നിബന്ധനയ്ക്ക് ആവശ്യമുള്ള മാറ്റം കരയോഗം
അനുവാദത്തോടുകൂടി ചെയ്യുക.
8. കരയോഗത്തിന്റെ ഉദ്ദേശസാദ്ധ്യത്തിനാവശ്യമുള്ള മറ്റു കാര്യങ്ങൾ
9. * 26, 59 എന്നീ വകുപ്പുകൾക്കു വിധേയമായി കരയോഗംവക
ത്തുകയോ വിലയ്ക്കു കൊടുക്കുകയോ കരയോഗത്തിലേക്ക
കടംവാങ്ങുകയോ നിയമവിധേയമായി ചിട്ടിമുതലിക്കുകയോ ചി
ചെയ്യുക.

---

41 (എ) * 8.2.2014-ൽ ഭേദഗതി വരുത്തി
43 (4) * 8.2.2014-ൽ ഭേദഗതി വരുത്തി

44. പ്രസിഡന്റ് ഹാജരുള്ളപ്പോൾ അദ്ദേഹംതന്നെ പൊതുയോഗത്തിന്റെയും കമ്മറ്റിയോഗത്തിന്റെയും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാകുന്നു. അദ്ദേഹം ഹാജരില്ലെങ്കിൽ ഹാജരുള്ള അംഗങ്ങളിൽ ഒരാളെ അന്നത്തേക്ക് അഗ്രാസനനായി തിരഞ്ഞെടുക്കാവുന്നതാകുന്നു. എന്നാൽ കരയോഗത്തിന്റെ മേലന്വേഷണത്തിന് ബാദ്ധ്യതയുള്ള ഉദ്യോഗസ്ഥന്മാരോ പ്രവർത്തകന്മാരോ യോഗത്തിൽ ഹാജരുള്ള പക്ഷം യോഗാനുമതിപ്രകാരം അവർക്കും ആദ്ധ്യക്ഷ്യം വഹിക്കാവുന്നതും ഒരു പ്രസിഡന്റിനുള്ള അധികാരാവകാശങ്ങൾ ആ യോഗത്തിനെ സംബന്ധിച്ചിടത്തോളം അവർക്കുണ്ടായിരിക്കുന്നതുമാണ്.

45. കരയോഗയൂണിയനോ, സർവ്വീസ് സൊസൈറ്റിയുടെ സംഘടനാശാഖയിലെ ഉദ്യോഗസ്ഥന്മാരോ ആവശ്യപ്പെടുന്ന അവസരത്തിൽ പൊതുയോഗം വിളിച്ചു കൂട്ടുന്നതിനും റിക്കാർഡുകളും പണവും സ്ഥാപനങ്ങളും അവരുടെ പരിശോധനയ്ക്കു വിധേയമാക്കുന്നതിനും കരയോഗം ഉദ്യോഗസ്ഥന്മാർ ബാദ്ധ്യസ്ഥരാണ്. അവർ ആ വിധം ചെയ്യാതിരുന്നാൽ നിയമപ്രകാരം വേണ്ട നടപടി നടത്താൻ മേൽവിവരിച്ച പരിശോധനാധികാരമുള്ള ഉദ്യോഗസ്ഥന്മാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

46. വിശേഷാൽ പൊതുയോഗത്തിന് രണ്ടുദിവസംമുമ്പ് നോട്ടീസ് പരസ്യപ്പെടുത്തേണ്ടതാകുന്നു.

## പലവക

47. കരയോഗം വകയായി ഈ ബൈലോ 4-ാം വകുപ്പ് എച്ച്. ഉപവകുപ്പിൽ ഉദ്ദേശിക്കുന്ന എല്ലാത്തരം സ്ഥാപനങ്ങളുമുണ്ടാക്കാനുത്സാഹിക്കേണ്ടതും എന്നാൽ ഒരു കരയോഗ മന്ദിരനിർമ്മാണം ഏറ്റവും പ്രധാനമായ പ്രാഥമിക കൃത്യമായി ഗണിക്കേണ്ടതും ഒരു കരയിലെ ഏറ്റവും വലിയ സ്വത്തും സ്വാധീനശക്തിയും പ്രയോജനവുമുള്ള സ്ഥാപനം കരയോഗമായി സുസ്ഥിരം വളന്നുവരണം എന്ന ലക്ഷ്യത്തിൽ കരയോഗം നിരന്തരം ശക്തിയായി പ്രവർത്തിക്കേണ്ടതാകുന്നു.

48. കരയോഗം സർവ്വീസ് സൊസൈറ്റിയുടെ നിർദ്ദേശമനുസരിച്ചുണ്ടാക്കുന്ന താലൂക്ക് യൂണിയനി~~ലും ഗ്രൂപ്പ് യൂണിയനിലും~~ അംഗമായിരിക്കുന്നതും ആ യൂണിയനിലേക്ക് ഈ കരയോഗത്തിൽനിന്നും രണ്ട് പ്രതിനിധികളെ പൊതുയോഗം ~~മുഖേന~~ ~~കൊല്ലത്തിലൊരിക്കൽ~~ തിരഞ്ഞെടുത്തയക്കേണ്ടതും എന്നാൽ ഒരു കരയോഗത്തെ യൂണിയനിൽ അംഗമായി ചേർക്കാതിരിക്കാനും അംഗമായ കരയോഗത്തെ അതിൽനിന്നും ഒഴിവാക്കാനും ഉള്ള അധികാരം രജിസ്ട്രാറിൽമാത്രം സ്ഥിതിചെയ്യുന്നതുമാകുന്നു.

49. സർവ്വീസ് സൊസൈറ്റിയുടെ നിയമപ്രകാരമുള്ള സൊസൈറ്റി മെമ്പർസ്ഥാനം കരയോഗത്തിനുണ്ടായിരിക്കേണ്ടതും അതിലേക്ക് അടയ്ക്കേണ്ട രൂപ കരയോഗത്തിന്റെ സ്ഥിതിയനുസരിച്ച് ഒന്നായിട്ടോ സൊസൈറ്റി നിബന്ധപ്രകാരം ആണ്ടിൽ ഒരു തവണവീതം നാലു തവണയായിട്ടോ അടച്ചുതീർക്കേണ്ടതാകുന്നു.

50. കരയോഗം രജിസ്റ്റർ ചെയ്യുന്നതിനായി സൊസൈറ്റിയിൽനിന്നും ഉണ്ടാക്കിയിട്ടുള്ള കരയോഗനിബന്ധനയുടെ ഒരു പ്രതിയിൽ 7 പേരിൽ കുറയാത്ത അംഗങ്ങൾ ഒപ്പിട്ട് 500 രൂപാ ഫീസോടുകൂടി കരയോഗം രജിസ്ട്രാർക്കയക്കേണ്ടതും രജിസ്ട്രാറിൽ നിന്ന് അത് രജിസ്റ്റർ ചെയ്തുകിട്ടിയാലുടൻ ജോലി ആരംഭിക്കേണ്ടതുമാകുന്നു.

51. കരയോഗവർഷം ഏപ്രിൽ മാസത്തിൽ ആരംഭിക്കേണ്ടതാകുന്നു.

52. ആണ്ടുതോറും ഏപ്രിൽമാസം 15-ാം തീയതിക്കകം താഴെ കാണുന്ന
യൂണിയനിലേക്കും രജിസ്ട്രാറാഫീസിലേക്കും അയച്ചുകൊടുക്കേ

1. കഴിഞ്ഞകൊല്ലത്തെ വരവു ചെലവു കണക്ക്
2. മെമ്പറന്മാരുടെ കണക്ക്
3. കമ്മറ്റിക്കാരുടെ പേരുവിവരം

53. എല്ലാവിധ വരവു ചെലവുകൾക്കും ശരിയായ കണക്ക് വയ്ക്കേ
അതിനുപുറമേ കരയോഗം രജിസ്ട്രാറുടെ നിർദ്ദേശപ്രകാരമുള്ള മറ്റു റി
ഉണ്ടായിരിക്കേണ്ടതാകുന്നു.

54. സർവ്വീസ് സൊസൈറ്റിയുടെ കൗൺസിൽ മെമ്പറന്മാർക്കും
ഇൻസ്പെക്ടർ തുടങ്ങിയ സംഘടനാശാഖ ഉദ്യോഗസ്ഥന്മാർക്കും, യൂ
ഗ്രൂപ്പ് യൂണിയനിലേയും കമ്മറ്റിയംഗങ്ങൾക്കും രജിസ്ട്രാർ
ചുമതലപ്പെടുത്തുന്ന ഏതൊരാൾക്കും ഏതവസരത്തിലും കരയോഗം
കണക്കും സ്റ്റോറും പരിശോധിക്കാൻ അധികാരമുള്ളതും ച
അതിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതുമാകു

Amended

55. * കരയോഗഭരണത്തിൽ അഭിപ്രായവ്യത്യാസം മൂലം ഭരണസ്തംഭന
പ്പമോ ഉണ്ടായാൽ അത് പരിഹരിക്കുന്നതിനും കരയോഗത്തിന്റെയു
വക സ്ഥാപനങ്ങളുടെയും നിലനില്പിനും സംരക്ഷണത്തിനും വേണ്ട
കാലത്തേക്ക് കരയോഗംവക സ്ഥാപനങ്ങൾ ഉൾപ്പെടെ കരയോഗഭരണ
രജിസ്ട്രാർക്ക് ഏറ്റെടുക്കാവുന്നതും രജിസ്ട്രാറുടെ യുക്തപ്രകാരം ഒരു
കമ്മറ്റിയെ ഏല്പിച്ച് ഭരണം നടത്താവുന്നതുമാകുന്നു.

56. * കരയോഗങ്ങളുടെ മേലന്വേഷണം നടത്താൻ ബാദ്ധ്യതയുള്ള എന്
സംഘടനാശാഖയുടെ മേലന്വേഷണ ഫണ്ടിലേക്ക് ഈ കരയോഗം അ
100 രൂപാ വീതം അടയ്ക്കേണ്ടതും പ്രസ്തുത സംഖ്യ യൂണിയനിൽ അ
വാങ്ങേണ്ടതുമാകുന്നു.

57. ആവശ്യമുള്ള ഉപനിബന്ധനകൾ കരയോഗം രജിസ്ട്രാറുടെ അനുവാദ
ഉണ്ടാക്കാൻ പൊതുയോഗത്തിന് അധികാരമുള്ളതാകുന്നു.

58. കരയോഗത്തിന് ഒരു മുദ്രയുണ്ടായിരിക്കേണ്ടതാകുന്നു.

59. * കരയോഗത്തിന് എഴുതിവാങ്ങുന്ന എല്ലാ പ്രമാണങ്ങളും അതതുകാ
ഡന്റിന്റെ പേർക്ക് വാങ്ങേണ്ടതും, വല്ല പ്രമാണവും എഴുതിക്കൊടു
വന്നാൽ പൊതുയോഗത്തിന്റെ രേഖാമൂലമായ അനുവാദത്തോടുകൂടി
സെക്രട്ടറിയും ഖജാൻജിയും ചേർന്ന് എഴുതിക്കൊടുക്കേണ്ടതും എന്നാ
ഗംവക യാതൊരു സ്ഥാവരസ്വത്തും കരയോഗം രജിസ്ട്രാറുടെ രേഖാമൂ
വാദം കൂടാതെ കടപ്പെടുത്തുകയോ വിലയ്ക്കുകൊടുക്കുകയോ കൈ
കയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

60. എ. * ആണ്ടുതോറും 100 രൂപ യൂണിയൻ പ്രതിനിധിഫീസ് ഇനത്തിൽ യൂണിയൻ ഫണ്ടിലേക്കു കൊടുക്കുവാൻ ഈ കരയോഗത്തിന് ബാദ്ധ്യതയുള്ളതാകുന്നു.

ബി. 56, 60. എ. എന്നീ വകുപ്പുകൾ പ്രകാരം അടയ്ക്കേണ്ട സംഖ്യകൾ കുടിശിഖ വരുത്തുന്ന കരയോഗങ്ങൾക്ക് ടി കുടിശിഖ തീർക്കുന്നതുവരെ 14 ബി. ഉപവകുപ്പിൻപ്രകാരം ഇലക്ടറൽറോളിലേക്കുള്ള മെമ്പറെ തിരഞ്ഞെടുക്കുവാൻ അവകാശമില്ലാത്തതാകുന്നു.

61. ഈ നിബന്ധനകളിൽ കാര്യനടപ്പിന് ആവശ്യമുള്ള ഭേദഗതികൾ വരുത്തുന്നതിന് പൊതുയോഗത്തിനധികാരമുണ്ടെങ്കിലും പൊതുയോഗം അംഗീകരിച്ച ഭേദഗതി കരയോഗം രജിസ്ട്രാറുടെ അനുവാദം ലഭിച്ചതിനുശേഷം മാത്രമേ നടപ്പിൽ വരുത്താൻ പാടുള്ളു.

62. ഈ കരയോഗത്തിന്റെ സ്വത്തോ ആദായമോ ഒരു കാലത്തും അംഗങ്ങൾക്കു വീതിച്ചു കൊടുക്കാൻ പാടില്ലാത്തതും കരയോഗം പിരിഞ്ഞുപോവുകയോ, റദ്ദ് ചെയ്യുകയോ ചെയ്യേണ്ടതായി വന്നാൽ ഇതേ ഉദ്ദേശത്തിൽ വ്യവസ്ഥാപിതമായി മറ്റു വല്ല സ്ഥാപനങ്ങളും ഈ കരയോഗാതിർത്തിയിൽ ഉണ്ടായിരിക്കുകയോ ചെയ്താൽ ആ സ്ഥാപനത്തിനവകാശപ്പെട്ടതാകുന്നു.

63. ഈ നിയമങ്ങളേയും കരയോഗ കാര്യങ്ങളേയും സംബന്ധിച്ചുള്ള എല്ലാ തർക്കങ്ങൾക്കും സംശയങ്ങൾക്കും കരയോഗം രജിസ്ട്രാറുടെ തീരുമാനം അവസാന തീർച്ചയായിരിക്കുന്നതാണ്.

64. * എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് കരയോഗ നിബന്ധനകളിൽ കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ ഈ കരയോഗനിബന്ധനകൾക്കും ബാധകമായിരിക്കുന്നതാകുന്നു.

---

64 * 8.2.2014-ൽ പുതുതായി ചേർത്തു

60 എ * 24.3.2018-ൽ ഭേദഗതി വരുത്തി

*********

## നായർ സർവീസ് സൊസൈറ്റി കരയോഗനിബന്ധന 15-ാം വകുപ്പിൽ 9.7.2021-ൽ വരുത്തിയ ഭേദഗതി

| നിലവിലുള്ളത് | ഭേദഗതി |
| --- | --- |
| വകുപ്പ് 15 | |
| നിശ്ചിതകാലാവധി കഴിഞ്ഞാലും പുതിയ തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ നിലവിലുള്ള കമ്മറ്റിമെമ്പർമാർതന്നെ ഭരണം നടത്തേണ്ടതും, എന്നാൽ കാലാവധി കഴിഞ്ഞ് ആറുമാസ ങ്ങൾക്കകം തിരഞ്ഞെടുപ്പ് നടക്കാതെവന്നാൽ കരയോഗം രജിസ്ട്രാർ നിർദ്ദേശിക്കുന്നപക്ഷം അദ്ദേഹം നിയോഗിക്കുന്ന അഡ്ഹോക്ക് കമ്മറ്റിയെ കരയോഗംവക എല്ലാ സ്ഥാവരജംഗ മസ്വത്തുക്കളും റിക്കാർഡുകളും നീക്കിയിരുപ്പു സംഖ്യയും സഹിതം കരയോഗഭരണം അതതു ചുമതലക്കാർ ഏല്പിക്കേണ്ടതും ആകുന്നു. | നിശ്ചിതകാലാവധി കഴിഞ്ഞാലും പു തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ നിലവി കമ്മറ്റിമെമ്പർമാർതന്നെ ഭരണം നടത്തേ എന്നാൽ കാലാവധി കഴിഞ്ഞ് ആറു ങ്ങൾക്കകം തിരഞ്ഞെടുപ്പ് നടക്കാതെവ കരയോഗം രജിസ്ട്രാർ നിർദ്ദേശിക്കുന്ന അദ്ദേഹം നിയോഗിക്കുന്ന അഡ്ഹോ കമ്മറ്റിയെ കരയോഗംവക എല്ലാ സ്ഥാവ മസ്വത്തുക്കളും റിക്കാർഡുകളും നീക്കി സംഖ്യയും സഹിതം കരയോഗഭരണം ചുമതലക്കാർ ഏല്പിക്കേണ്ടതും ആകു |
| നിശ്ചിത കാലാവധി കഴിഞ്ഞാൽ 14 ബി വകുപ്പിൻപ്രകാരമുള്ള എൻ.എസ്.എസ്. ഇലക്ടറൽറോൾ മെമ്പറുടെയും യൂണിയൻ പ്രതിനിധികളുടെയും പ്രാതിനിധ്യം അവസാനി ക്കുമെങ്കിലും അടുത്ത തിരഞ്ഞെടുപ്പുവരെയോ ആറുമാസംവരെയോ ഇതിൽ ഏതുകുറവോ അതുവരെ നിലവിലുള്ള പ്രതിനിധികൾക്ക് തുടരാവുന്നതുമാണ്. | നിശ്ചിത കാലാവധി കഴിഞ്ഞാൽ വകുപ്പിൻപ്രകാരമുള്ള എൻ.എ ഇലക്ടറൽറോൾ മെമ്പറുടെയും പ്രതിനിധികളുടെയും പ്രാതിനിധ്യം ക്കുമെങ്കിലും അടുത്ത തിരഞ്ഞെടുപ്പ് ഒരുവർഷംവരെയോ ഇതിൽ ഏത അതുവരെ നിലവിലുള്ള പ്രതിന തുടരാവുന്നതുമാണ്. |